**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3567** **15-02-2024 - ൽ മറുപടിയ്ക്ക്**

**ലൈസൻസുള്ള സർവ്വേയർമാർക്ക് അനുമതി നിഷേധിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്തുന്നതിന് സ്കെച്ച് തയ്യാറാക്കാനുള്ള അധികാരം സർവ്വേ ഡിപ്പാർട്ട്മെന്റിലെ സർവ്വേയർമാരെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ലൈസൻസുള്ള സർവ്വേയർമാർക്ക് ഇക്കാര്യത്തിൽ അനുമതി നിഷേധിക്കുന്നതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (എ) | ഡിജിറ്റൽ സർവ്വെ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്തുന്നതിന് സ്കെച്ച് തയ്യാറാക്കാനുള്ള അധികാരം സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ/ ലൈസൻസ്ഡ് സർവ്വെയർക്കോ ആയിരിക്കും. |
| (ബി) | ഡിജിറ്റൽ സർവ്വേ സംവിധാനത്തിൽ ലളിതമായി തയ്യാറാക്കാൻ സാധിക്കുന്ന സ്കെച്ചുകൾ ഡിപ്പാർട്ടുമെന്റിലെ സർവ്വെയർമാർ മാത്രം തയ്യാറാക്കിയാൽ മതിയെന്ന തീരുമാനം അധികമായി സർവ്വെയർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതിനും ഇടയാക്കുമെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഡിജിറ്റൽ സർവ്വെ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്തുന്നതിന് സ്കെച്ച് തയ്യാറാക്കാനുള്ള അധികാരം സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ/ ലൈസൻസ്ഡ് സർവ്വെയർക്കോ ആയിരിക്കും. |
| (സി) | സാധാരണക്കാരുടെ ഭൂമി ക്രയ വിക്രയങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്കെച്ച് തയ്യാറാക്കാൻ സമയബന്ധിതമായി സർവ്വെയർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യം അഴിമതിക്കും കാലതാമസത്തിനും ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.ഡിജിറ്റൽ സർവ്വേ നടപടികളും ടി സർവ്വെയിൽ നിന്ന് ലഭിക്കുന്ന ഡിജിറ്റൽ രേഖകളും ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ ലളിതവും അനായാസവും ജനോപകാരമാക്കുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ്.ഡിജിറ്റൽ സർവ്വേക്ക് ശേഷം ഡിജിറ്റൽ പോക്കുവരവ് വേളയിൽ മറിച്ചുള്ള സാഹചര്യം ശ്രദ്ധയിൽ പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ